**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 29** **08-08-2023 - ൽ മറുപടിയ്ക്ക്**

**എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിലേക്കുള്ള എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്നും എത്രപേരുടെ റാങ്ക് ലിസ്റ്റാണ് നിലവിലുള്ളതെന്നും ഇതിൽ നിന്നും എത്രപേർക്ക് നിയമനം നൽകിയെന്നും വിശദമാക്കാമോ; | (എ) | റാങ്ക് പട്ടിക 10.11.2020 ന് നിലവിൽ വന്നിട്ടുണ്ട്. റാങ്ക് പട്ടികയിൽ **804** ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്. (മെയിൻ പട്ടിക-395, സപ്ലിമെന്ററി പട്ടിക - 347, ബൈട്രാൻസ്ഫർ-62).<br><br>**175 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.** |
| (ബി) | കഴിഞ്ഞ പ്രാവശ്യം ഇതേ തസ്തികയിൽ എത്രപേരുടെ റാങ്ക് ലിസ്റ്റാണ് ഉണ്ടായിരുന്നതെന്നും അതിൽ നിന്നും എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ; | (ബി) | മുൻ റാങ്ക് പട്ടികയിൽ 1,783 ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിരുന്നു (മെയിൻ പട്ടിക-676, സപ്ലിമെന്ററി പട്ടിക - 1,107). ടി റാങ്ക് പട്ടികയിൽ നിന്നും **330** ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. |
| (സി) | പി.എസ്.സി.യിലേക്ക് ഇതേ തസ്തികയിൽ നിയമന ശിപാർശയ്ക്കായി എത്ര ഒഴിവുകളാണ് നിലവിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | റിപ്പോർട്ട് ചെയ്ത 12 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പി.എസ്.സി.യിൽ പുരോഗമിച്ചു വരുന്നു. |
| (ഡി) | എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ അടുത്ത രണ്ട് വർഷങ്ങളിലായി തിരുവനന്തപുരം ജില്ലയിൽ എത്രപേർ സർവീസിൽ നിന്നും വിരമിക്കുമെന്നും ഇതിന് ആനുപാതികമായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമെന്നും വിശദമാക്കാമോ; | (ഡി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി എസ് സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എംപ്ലോയ്മെന്റ് വഴിയോ താൽക്കാലികമായോ ജോലി ചെയ്യുന്നവരുണ്ടോ; എങ്കിൽ അവരെ അടിയന്തരമായി മാറ്റി ആ ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമന ശിപാർശ നൽകുമോ; വ്യക്തമാക്കാമോ; | (ഇ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, ദിവസക്കൂലി/കരാർ നിയമനം മുതലായ താത്ക്കാലിക നിയമന രീതികളൊന്നും പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലും അവലംബിക്കുവാൻ പാടുള്ളതല്ല എന്ന് വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (എഫ്) | കോവിഡ് രോഗബാധ രൂക്ഷമായിരുന്ന കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റുകളിൽ നിന്നും മതിയായ രീതിയിൽ നിയമനം നടക്കാത്ത സാഹചര്യത്തിൽ ആ കാലയളവിൽ | (എഫ്) | റാങ്ക് പട്ടികകളുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| | പ്രസിദ്ധീകരിക്കപ്പെട്ട റാങ്ക് ലിസ്റ്റുകൾ ഒരു വർഷത്തേക്ക് നീട്ടുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ